**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .95 03-02-2020 -ൽ മറുപടിക്ക്

**പ്രളയ നഷ്ടം**

| | **ചോദ്യം** | | **മറുപടി** |
|---|---|---|---|
| | ശ്രീ.എം. സ്വരാജ് | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) | സംസ്ഥാനത്ത് ഇക്കഴിഞ്ഞ വർഷങ്ങളിൽ ഉണ്ടായ പ്രളയത്തെ തുടർന്നുള്ള നഷ്ടത്തിന്റെ വ്യാപ്തി എത്രയെന്ന് അറിയിക്കാമോ; | എ) | ഐക്യരാഷ്ട്ര സഭയുടെ പോസ്റ്റ് ഡിസാസ്റ്റർ നീഡ് അസസ്സ്മെന്റ് (Post Disaster Need Assessment - PDNA) പ്രകാരം 2018-ലെ കാലവർഷക്കെടുതിയിൽ സംസ്ഥാനത്തിന്റെ മൊത്തം നഷ്ടം 26,718 കോടി രൂപയായാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. 2019 ലെ കാലവർഷ കെടുതിയിൽ ദേശീയ ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡം അനുസരിച്ച് 2101.88 കോടി രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. |
| ബി) | ഇതിലേക്കായി എത്ര തുകയാണ് കേന്ദ്രത്തിൽ നിന്ന് സഹായമായി ആവശ്യപ്പെട്ടത് എന്ന് അറിയിക്കാമോ; | ബി) | 2018-ലെ കാലവർഷക്കെടുതി വിലയിരുത്തി കേന്ദ്ര ദുരന്ത പ്രതികരണ നിധിയുടെ (NDRF) നിലവിലെ മാനദണ്ഡപ്രകാരം 5616.7 കോടി രൂപ ആവശ്യപ്പെട്ടിരുന്നു. 2019-ലെ കാലവർഷക്കെടുതി വിലയിരുത്തി ദേശീയ ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡം അനുസരിച്ച് 2101.88 കോടി രൂപയുടെ അധിക സഹായം ആവശ്യപ്പെട്ടിട്ടുണ്ട്. |
| സി) | എത്ര തുക കേന്ദ്രം അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ? | സി) | 2018-ലെ പ്രളയക്കെടുതിക്ക് കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽ നിന്ന് 2904.85 കോടി രൂപ അനുവദിച്ചിരുന്നു. 2019-ൽ പ്രളയവുമായി ബന്ധപ്പെട്ട് കേന്ദ്രം ധനസഹായം ഒന്നുംതന്നെ അനുവദിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ